**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 436** | **02-11-2021 - ൽ മറുപടിയ്ക്ക്**

**മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഗുണനിലവാരമുള്ള മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ സംസ്ഥാനത്ത് നിന്ന് കയറ്റുമതി ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾ സംസ്ഥാനത്ത് നിന്ന് കയറ്റുമതി ചെയ്യുന്നതിന് വി.എഫ്.പി.സി.കെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. അപേഡയിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച് കേരളത്തിലെ കാർഷിക കയറ്റുമതി നയത്തിന്റെ ഭാഗമായുള്ള സെൻട്രൽ സെക്ടർ പ്രോജക്റ്റ് പ്രകാരം 883 ലക്ഷം രൂപയുടെ പദ്ധതി വി.എഫ്.പി.സി.കെ സമർപ്പിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളിൽ ബനാന ക്ലസ്റ്റർ രൂപീകരിച്ചു. തൃശ്ശൂർ, വയനാട് ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള ക്ലസ്റ്റർ ഫെസിലിറ്റേഷൻ കമ്മറ്റി രൂപീകരിക്കുകയും നിലവിലുള്ള കയറ്റുമതി അധിഷ്ഠിത വാഴകൃഷിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളും പോരായ്മകളും വിലയിരുത്തുകയും ചെയ്യുന്നു. യൂറോപ്പിലേക്ക് വാഴപഴം കയറ്റുമതി പ്രോട്ടോക്കോൾ വികസിപ്പിക്കുന്നതിനായി എൻ.ആർ.സി.ബി ട്രിച്ചി, അപേഡ, എക്സ്പോർട്ടേഴ്സ് എന്നിവരുടെ സഹകരണത്തോടെയുള്ള പൈലറ്റ് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ കർഷകനിൽ നിന്നും എൻ.ആർ.സി.ബി (നാഷണൽ റിസേർച്ച് സെന്റർ ഫോർ ബനാന, ട്രിച്ചി) നൽകിയ കൃഷി പ്രോട്ടോകോൾ പ്രകാരം ഉൽപാദിപ്പിച്ച വാഴപ്പഴം 2021 ഏപ്രിൽ മാസം വിഷുവിനോടനുബന്ധിച്ച് ലണ്ടൻ വിപണിയിൽ എത്തിക്കുന്നതിന് സാധിച്ചു. വാഴക്കുലകൾ വിളവെടുത്ത് 40-45 ദിവസത്തോളം ഉൽപ്പന്നത്തിന്റെ ഗുണമേന്മ നിലനിർത്തുന്നതിനും വിദേശവിപണിയിൽ കേരളത്തിലെ നേന്ത്രപഴത്തിന് വിപണി കണ്ടെത്തുന്നതിനും ഈ പരീക്ഷണം വഴി സാധിച്ചു. കര കടൽ മാർഗ്ഗം ലണ്ടൻ, കുവൈത്ത്, സിംഗപ്പൂർ, ദുബായ് എന്നീ രാജ്യങ്ങളിലേയ്ക്ക് 45 മെട്രിക് ടൺ വാഴപ്പഴവും പച്ചക്കറികളും കൗൺസിലിന്റെ നേതൃത്വത്തിൽ കയറ്റുമതി |

| | | | |
|---|---|---|---|
| | | | ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളുടെ സഹായത്തോടെ കൂടുതൽ കയറ്റുമതി ഓർഡറുകൾ പ്രതീക്ഷിക്കുന്നു. കയറ്റുമതിയുമായി ബന്ധപ്പെട്ട് എസ്.എഫ്.എ.സി.യുടെ നേതൃത്വത്തിൽ 3 കർഷക കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വൈഗ 2021 ൽ വിർച്ച്വൽ പ്ലാറ്റ്ഫോമിൽ APEDA യുടെ സാങ്കേതിക സഹായത്തോടെ B2B മീറ്റ് സംഘടിപ്പിച്ചിരുന്നു. 106 സംരംഭകർ ഇതിൽ രജിസ്റ്റർ ചെയ്തു പങ്കെടുത്തു. ഇന്ത്യ, മലേഷ്യ, UAE, കുവൈത്ത്, ദക്ഷിണ ആഫ്രിക്ക, മൊസാമ്പിക്, ഇറാൻ, കാനഡ, തായ്‌ലാൻഡ് എന്നി രാജ്യങ്ങളിലെ വിവിധ ഏജൻസികൾ പങ്കെടുത്തു. 400 ൽ പരം കാർഡ് എക്സ്ചേഞ്ച് നടത്തുവാൻ സാധിച്ചു. |
| (ബി) | സംസ്ഥാനത്തിന്റെ തനതു കാർഷിക വിഭവങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിന് എന്തൊക്കെ പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ തനത് കാർഷിക വിഭവങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നല്കുന്നതിനുമായി പല പദ്ധതികൾ നടപ്പിലാക്കി വരുന്നു. തനത് കാർഷിക വിഭവങ്ങളായ നാടൻ നെല്ലിനങ്ങൾ, പരമ്പരാഗതമായ പച്ചക്കറി വിത്തുകൾ, പ്രാദേശിക പ്രാധാന്യമുള്ള വിളകളായ ചെറുധാന്യങ്ങൾ, എണ്ണക്കുരുക്കൾ, കരിമ്പ് എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും വേണ്ടിയുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമായി നെല്ല് വികസനം, പച്ചക്കറി വികസനം എന്നീ പദ്ധതികളിൽ പ്രത്യേക ഘടകങ്ങൾ ഉൾപ്പെടുത്തിയും, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും എന്ന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. വി.എഫ്.പി.സി.കെ യുടെ കീഴിൽ കേരളത്തിലെ തനത് കാർഷിക വിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി ജൈവപച്ചക്കറി കൃഷി/ഉത്തമ കൃഷിമുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതിയിൽ 3500 രൂപ/ഹെക്ടറിന് വകയിരുത്തിയിട്ടുണ്ട്. നാടൻ നടീൽ വസ്തുക്കൾ ശേഖരിക്കുന്നതിനും 25 ഹെക്ടറിൽ വിത്തുൽപാദനം നടത്തി വിതരണം നടത്തുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഇത് വഴി സാധിക്കും. സംസ്ഥാനത്തിന്റെ തനത് കാർഷിക വിഭവങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം 2021-22 സാമ്പത്തിക വർഷം രാഷ്ട്രീയ കൃഷി വികാസ് |

| | | | |
|---|---|---|---|
| | | | യോജന, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിളവിസ്തൃതി വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ